"ഭരണഭാഷ-മാതൃഭാഷ"

നം. ICDS/B3-4187/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനകസ്)
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,
തിരുവനന്തപുരം, തീയതി 08/05/2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ആഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ്- ICDS.-ന്യൂട്രീമിക്സ് കേന്ദ്ര ഫുഡ് അനാലിസിസ് ലാബിൽ നടത്തുന്ന പരിശോധന സംബന്ധിച്ച്.

സൂചന:- 1) സർക്കാരിന്റെ 28/02/2017 -ലെ 75/ബി1/2017 സ.നീ.വ. കത്ത്.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 26/03/2013-ലെ ഐ.സി.ഡി.എസ്./ബി 3/34358/12-ാം നമ്പർ പരിപത്രം.

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ സാമ്പിൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് & ന്യൂട്രീഷൻ ബോർഡിന്റെ ഫുഡ് അനാലിസിസ് ലാബിൽ ഗുണ പരിശോധന നടത്തുന്നതിനുള്ള ചുമതല സൂചന രണ്ടിലെ പരിപത്രത്തിലൂടെ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകി ഉത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായും ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സർക്കാർ മേൽ സൂചന ഒന്നിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഫുഡ് & ന്യൂട്രീഷൻ ബോർഡിന്റെ പേരിൽ കുടുംബശ്രീ യൂണിറ്റ്, 250/- രൂപയുടെ ചെലാൻ സമർപ്പിക്കുന്നത്, സാമ്പിൾ സഹിതം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർ തന്നെ ചെന്നൈ ലാബിൽ പരിശോധനയ്ക്ക് അയക്കേണ്ടതാണ്. എന്ന വിവരം അറിയിക്കുന്നു. സൂചന രണ്ടിലെ പരിപത്രം കർശനമായി പാലിക്കണമെന്നും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു.

ഉള്ളടക്കം 1. പരിപത്രം

പകർപ്പ് :- *വെബ് സൈറ്റ്*

വിശ്വസ്തതയോടെ

Aleyamma Varghese

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി